# മത്സ്യത്തൊഴിലാളിയുടെ മനം തകർത്ത് മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

**അഡ്വ. ഷെറി ജെ തോമസ്** www.niyamadarsi.com

**തീ**രദേശ നിയന്ത്രണ വിജ്ഞാപനം തീര മേഖലയും കടന്ന് തോട് മേഖലകളിലും സാധാരണക്കാരന്റെ ഭവനനിർമ്മാണത്തിന് പ്രതിബന്ധമുണ്ടാക്കി നിൽക്കുമ്പോൾ തീരമേഖലയ്ക്ക് വീണ്ടും ഒരു ഇടിത്തീയായി മാറുകയാണ് മറ്റൊരു പഠനമായ മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്. ഇന്ത്യയുടെ മത്സ്യ സമ്പത്ത് ശരിയായ വിധത്തിൽ ഉപയോഗിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ ബ്ലൂ റവലൂഷൻ എന്ന വിളിക്ക് കാതോർത്ത കേന്ദ്ര മന്ത്രാലയം നിയോഗിച്ച മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശകൾ പ്രകാരമുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇന്ത്യയിലെ മത്സ്യബന്ധന നയത്തിൽ മാറ്റം വരുത്തണമോയെന്ന് കണ്ടെത്താൻ നിയോഗിച്ച കമ്മിറ്റി മുന്നോട്ടുവച്ച ശുപാർശകൾ പലതും നടപ്പാക്കാൻ മന്ത്രാലയം തയ്യാറായപ്പോൾ കേരളത്തിലെയുൾപ്പെടെയുള്ള സാധാരണക്കാരയ മത്സ്യത്തൊഴിലാളികളുടെ ജീവിതസ്വപ്നങ്ങൾക്കാണ് വലിയ തിരിച്ചടിയായത്.

**മീനാകുമാരി കമ്മീഷൻ**

ആഴക്കടൽ മത്സ്യബന്ധനത്തിന് നിലവിലുണ്ടായിരുന്ന സർക്കാർ നയം പുനപരിശോധിക്കാനാണ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബി മീനാകുമാരിയുടെ നേതൃത്വത്തിൽ കമ്മീഷനെ നിയോഗിച്ചത്. മത്സ്യസമ്പത്തിന് ആഘാതമുണ്ടാക്കാതെ ശാസ്ത്രീയമായ ആഴക്കടൽ മത്സ്യബന്ധനത്തിന് ഉപയുക്തമായ രീതിയിൽ മത്സ്യബന്ധന നയങ്ങളിൽ മാറ്റമുണ്ടാക്കാനുള്ള പഠമായിരുന്നു കമ്മീഷന്റെ ഉദ്ദേശം.

(1) 2004 ലെ മത്സ്യബന്ധന നയം പുനപരിശോധിക്കുകയും പുതിയ നയത്തിന് ശുപാർശ നൽകുകയും ചെയ്യുക

(2) ആഴക്കടൽ മത്സ്യബന്ധനത്തിന് എക്സ്ക്ലൂസീവ് എക്കണോമിക് സോൺ EEZ ൽ നിലവിലുണ്ടായിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുനപരിശോധിക്കുക, (തീരത്തു നിന്ന് 12 നോട്ടിക്കൽ മൈലിന് അപ്പുറത്തുള്ള മത്സ്യബന്ധനമാണ് ആഴക്കടൽ മത്സ്യബന്ധനം), (തീരത്തു നിന്ന് 200 നോട്ടിക്കൽ മൈൽ വരെയുള്ള സ്ഥലമാണ് EEZ ).

(3) ഇന്ത്യൻ സമുദ്രമേഖലയിലും അന്താരാഷ്ട്ര സമുദ്രത്തിലും മത്സ്യബന്ധനത്തിന് ലഭ്യമായ മുഴുവൻ മത്സ്യസമ്പത്തും ഉപയോഗപ്പെടുത്തുന്നതിനുള്ള ശുപാർശകൾ നൽകുക

(4) മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രാദേശിക-ആഗോളതലത്തിലുള്ള നിയന്ത്രണ-ഭരണ വ്യവസ്ഥകളുടെ പരിപാനം സംബന്ധിച്ച നിലവിലെ അവസ്ഥ- എന്നിവയായിരുന്നു കമ്മീഷന്റെ പഠനമേഖലകൾ.

**എന്തുകൊണ്ട് ഈ കമ്മീഷൻ ?**

നരേന്ദ്രമോഡി സർക്കാർ മീനാകുമാരി കമ്മീഷനെ നിയമിക്കാനുള്ള പ്രധാന കാരണങ്ങൾ രണ്ടാണെന്നാണ് രേഖകൾ പറയുന്നത്. ഒന്നാമതായി തീരത്തിനടുത്തുള്ള മത്സ്യസമ്പത്ത് ഏതാണ്ട് പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കഴിഞ്ഞുവെന്നും അതുകൊണ്ട് തന്നെ ഈ പ്രദേശത്ത് ഇനിയെങ്കിലും മത്സ്യസമ്പത്ത് സംരക്ഷിക്കാനുള്ള സുസ്ഥിര പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. രണ്ടാമതായി 2004 ൽ നിലവിൽ വന്ന മത്സ്യബന്ധന നയം ഒരു ദശാബ്ദക്കാലയളവ് കഴിഞ്ഞതിനാൽ കാലികമായ മാറ്റങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. ഈ രണ്ട് കാരണങ്ങൾ കൊണ്ടാണ് കമ്മീഷൻ നിയമനം പ്രസക്തമാകുന്നതാണെന്നാണ് രേഖകകളിൽ നിന്ന് വ്യക്തമാകുന്നത്.

**ശുപാർശകൾ ശരിയോ തെറ്റോ - ആര് തീരുമാനിക്കും ?**

മീനാകുമാരി കമ്മീഷന്റെ ടേർമ്സ് ഓഫ് റഫറൻസിൽ തന്നെ ശുപാർശകൾ സമർപ്പിക്കാനുള്ള ഉത്തരവാദിത്വവും നൽകിയിട്ടുണ്ട്. ജനാധിപത്യരാജ്യത്ത് നിയമനിർമ്മാണങ്ങൾ നടത്തുന്നതിന് പാർലമെന്റിനും നിയമസഭയ്ക്കുമൊക്കെയാണ് അധികാരം. കോടതികൾക്കുപോലും നിയമനിർമ്മാണത്തിന് അധികാരമില്ല. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിൽ എന്ത് ശുപാർശകൾ ഉണ്ടായാലും അത് തള്ളാനും കൊള്ളാനുമുള്ള അധികാരം ആർക്കാണ് എന്നതാണ് പ്രസക്തമായ ചോദ്യം. കമ്മീഷൻ റിപ്പോർട്ടിലെ ഏതാനും ശുപാർശകൾ സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷയെ പ്രതികൂലമായി ബാധിക്കുന്നതുകൊണ്ടാണ് ഇത്തരം ചർച്ചകൾക്ക് പ്രസക്തിയേറുന്നത്.

കമ്മീഷൻ റിപ്പോർട്ടിന്റ കണ്ടെത്തലുകളുടെ ശരി-തെറ്റുകൾ അപഗ്രഥനം ചെയ്യുക എന്നത് ആവശ്യമുള്ളതു തന്നെ. പക്ഷെ എന്തു തന്നെയാണെങ്കിലും റിപ്പോർട്ടിലെ ശുപാർശകൾ കേവലം സർക്കുലറുകളിലൂടെ മന്ത്രാലയം നടപ്പാക്കാനൊരുങ്ങുമ്പോൾ അതിലെ ജനഹിതം ആരു കണക്കാക്കുന്നുവെന്നത് പ്രസക്തമായ ചിന്തയാണ്. ഭരണഘടനയിലെ ഏഴാം ഷെഡ്യൂളിൽ 57 ാമതായി ഇന്ത്യൻ അതിർത്തിയിലുള്ള മത്സ്യബന്ധനം ഉൾപ്പെടുന്നു. അതിന്റെ പേരിലാണ് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ 2014 നവംബർ 12 ന് കേന്ദ്ര മന്ത്രാലയം പുറത്തിറക്കിയത്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാർലമെന്റിന്റെ ഏതെങ്കിലും സഭകളിൽ ചർച്ചചെയ്യപ്പെട്ടതായി രേഖ

യില്ല. ഇത് ഒരു ഓർഡിനൻസായോ നോട്ടിഫിക്കേഷനായൊ പുറത്തിറങ്ങിയിട്ടുമില്ല. കേവലം ഒരു മന്ത്രാലയത്തിന്റെ ഫോർവേർഡിംഗ് നോട്ടിന്റെ അടിസ്ഥാനത്തിൽ പുറത്തിറങ്ങിയ ഈ മാർഗ്ഗനിർദ്ദേശങ്ങൾ ചോദ്യം ചെയ്യപ്പെടുകയാണ്. ഒരു കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ അങ്ങനെതന്നെ യാതൊരു ചർച്ചയും ബന്ധപ്പെട്ട മേഖലയിൽ നടത്താതെ മാർഗ്ഗനിർദ്ദേശങ്ങളുടെ രൂപത്തിൽ പുറത്തിറക്കി അത് പാലിക്കുന്നതിന് മത്സ്യമേഖലയിലുള്ളവരെ നിർബന്ധിതരാക്കുന്നത് നിയമവാഴ്ച്ക്കെതിരാണ്.

## ശുപാർശകൾ ഇങ്ങനെ

തീരം മുതൽ 200 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശത്തെ മത്സ്യസമ്പത്ത് സുസ്ഥിരമായിരിക്കണം എന്നതാകണം ഏതൊരു മത്സ്യബന്ധന നയത്തിന്റെയും അടിസ്ഥാനം.

തീരദേശ സംസ്ഥാനങ്ങളുടെ ഉൽപ്പാദന ലക്ഷ്യം കണക്കാക്കിയുള്ള അവരുടെ ആവശ്യങ്ങൾ കൂടി പരിഗണിച്ചായിരിക്കണം നയം രൂപീകരിക്കേണ്ടത്.

തീരം മുതൽ 200 മീറ്റർ വരെയുള്ള കടൽ പൂർണ്ണമായി മത്സ്യബന്ധനം നടത്തി ചൂഷണം ചെയ്തുകഴിഞ്ഞുവെന്നും ആയതിനാൽ അവിടെ മത്സ്യബന്ധന സാധ്യതകളില്ല. 200 മുതൽ 500 മീറ്റർ വരെയുള്ള കടലിലാണ് ഇപ്പോൾ ചെറുകിട ബോട്ടുകളിൽ മത്സ്യബന്ധനം നടത്തിവരുന്നത്. എന്നാൽ ഇവിടം നിരോധിത മേഖലയായി കണക്കാക്കി തീരമുൾപ്പെടെയുള്ള ഭാഗത്ത് മത്സ്യസമ്പത്തുണ്ടാകുന്നതിന് അവസരമുണ്ടാക്കണം.

തീരത്തു നിന്നും 500 മീറ്ററിനപ്പുറം കടലിൽ കാര്യമായ മത്സ്യസമ്പത്തുള്ളതിനാൽ അവിടങ്ങളിൽ വലിയ രീതിയിൽ മത്സ്യബന്ധനത്തിനുള്ള സാധ്യകൾ ഉണ്ട്. അതിനു തക്ക മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കണം. 500 മീറ്ററിനപ്പുറത്തേക്കുള്ള മത്സ്യബന്ധനത്തിന് ഇന്ത്യയിൽ കാര്യമായ സംവിധാനങ്ങൾ ലഭ്യമല്ലാത്തതിനാൽ വിദേശ യാനങ്ങളുടെ ഉപയോഗമോ ഒരുമിച്ചുള്ള സംരംഭങ്ങളോ ആകാവുന്നതാണ്. 15 മീറ്ററിലധികം നീളമുള്ളതും ആഴക്കടൽ മത്സ്യബന്ധന സംവിധാനങ്ങളുള്ളതുമായ യാനങ്ങളാണ് ഉപയോഗിക്കേണ്ടത്.

ആഴക്കടൽ മത്സ്യബന്ധന യാനത്തിൽ ജോലിയെടുക്കുന്നതിന് പരിശീലനം സിദ്ധിച്ച ആളുകളുടെ അഭാവം കണക്കിലെടുത്ത് വിദേശികളെ അനുവദിക്കാവുന്നതാണ്. അവരെ നിയോഗിക്കുന്നതിനുള്ള സുരക്ഷാ നടപടികൾ ലളിതമാക്കണം. ആഴക്കടൽ മത്സ്യബന്ധന യാനങ്ങളിൽ ജോലി ചെയ്യാനുള്ള പരിശീലന കോഴ്സുകൾ കൊച്ചിയിലെ സിഫ്നെറ്റ് പോലുള്ള സ്ഥാപനങ്ങളിൽ ആരംഭിക്കാവുന്നതാണ്.

വർഷാവർഷം സർക്കാർ പ്രഖ്യാപിക്കുന്ന മത്സ്യബന്ധന നിരോധന കാലയളവ് എപ്പോഴും കൃത്യമായ സമയത്താകാത്തതിനാൽ ഫലപ്രദമാകണമെന്നില്ല. മാത്രമല്ല നിരോധനത്തിൽ നിന്ന് ആഴക്കടൽ മത്സ്യബന്ധന യാനങ്ങളെ ഒഴിവാക്കണമെന്നത് വളരെ നാളത്തെ ആവശ്യവുമാണ്; അതിനാൽ വലിയ യാനങ്ങളെ ഈ നിരോധനത്തിൽ നിന്ന് ഒഴിവാക്കണം.

## പുതിയ മാർഗ്ഗനിർദ്ദേശക രേഖകൾ ഇറക്കിക്കഴിഞ്ഞു.

മീനാകുമാരി കമ്മീഷൻ റപ്പോർട്ടിലെ ശുപാർശകൾ പ്രകാരമുള്ള കാര്യങ്ങൾ ഫലത്തിൽ വരുത്താൻ കേന്ദ്രമന്ത്രാലയം പുതിയ മാർഗ്ഗനിർദ്ദേശക രേഖകൾ പുറപ്പെടുവിച്ചുകഴിഞ്ഞു. 200 മുതൽ 500 മീറ്റർ വരെയുള്ള കടൽ നിരോധനമേഖലയായി കണക്കാക്കുമ്പോൾ ചെറുകിട ബോട്ടുകളിൽ മത്സ്യബന്ധനം നടത്തുന്നവരെ അത് പ്രതികൂലമായി ബാധിക്കും. 500 മീറ്ററിനപ്പുറം വലിയ യാനങ്ങൾക്ക് അനുമതി നൽകുകയും ചെയ്യണമെന്നത് ഫലത്തിൽ സാധാരണക്കാരായ മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കും. വലിയ യാനങ്ങൾക്ക് ട്രോളിംഗ് ബാൻ ബാധകമാക്കേണ്ടെന്ന ശുപാർശയും അതിസങ്കീർണ്ണമാണ്.

ഇപ്രകാരമുള്ള ശുപാർശകൾ നടപ്പാക്കാൻ 2014 നവംബർ മാസത്തിൽ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശക രേഖകളുടെ ആമുഖം വായിച്ചാൽ തന്നെ അതിലെ അപക്വമായ ഭാഷയും ധൃതിയും വെളിവാകും. ഭരണഘടനയിലെ ഏഴാം ഷെഡ്യൂളിൽ 57 ാമതായി നിയമനിർമ്മാണത്തിന് കേന്ദ്രസർക്കാരിന് അധികാരമുണ്ടെന്ന വാക്കുകൾ കൂട്ടിച്ചേർത്തിരിക്കുന്ന ഉത്തരവ് നിയനിർമ്മാണ സഭകളിലെവിടെയാണ് ചർച്ചചെയ്തതെന്ന് മാർഗ്ഗനിർദ്ദേശകങ്ങളിലെവിടെയും കാണാനാകില്ല. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരക്കുന്നത് ഉദ്യോഗസ്ഥർക്ക് നിയമനിർമ്മാണം നടത്താനുള്ള അധികാരം നൽകാനല്ല, കേന്ദ്ര-സംസ്ഥാന-പൊതു ലിസ്റ്റുകൾ പ്രകാരമുള്ള നിയമനിർമ്മാണ അധികാരങ്ങളാണ് അതിലുള്ളത്.

## കടലിന്റെ മക്കൾക്ക് അന്യമാകുന്ന തീരം

തീരത്തുനിന്ന് 200 നോട്ടിക്കൽ മൈൽ വരെയുള്ള കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് എല്ലാ യാനങ്ങളും സർക്കാരിൽ നിന്ന് അനുമതിപത്രം വാങ്ങണമെന്ന് 2014 നവംബർ 28 ന് മന്ത്രാലയം പൊതു നോട്ടീസ് നൽകിക്കഴിഞ്ഞു. ആഴക്കടൽ മത്സ്യബന്ധനത്തിനു ഉതകുന്ന വലിയ മത്സ്യയാനങ്ങളെ ഇറക്കുമതി ചെയ്യാനും തടസ്സമില്ല. സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾ തങ്ങളുടെ ചെറു ബോട്ടുകൾക്കുപോലും ഈ അനുമതിപത്രം എടുക്കാൻ നിർബന്ധിതരാകും. മീനാകുമാരി ശുപാർശകൾ മുഴുവനായും നടപ്പാക്കാൻ തീരുമാനമായിട്ടില്ല. പക്ഷെ ഇതിനോടകം പുറത്തിറക്കയിരിക്കുന്ന മാർഗ്ഗനിർദ്ദേശക രേഖകളിൽ മത്സ്യത്തൊഴിലാളിയെ 500 മീറ്റർ മേഖലയിൽ നിന്ന് പാടെ മാറ്റി നിർത്താനും 200 നോട്ടിക്കൽ മൈൽ വരെയുള്ള കടലിൽ വിദേശ യാനങ്ങൾക്കൊപ്പം അനാരോഗ്യകരമായ മത്സരത്തിന് നിർബന്ധിതനാക്കാനും കളമൊരുങ്ങിക്കഴിഞ്ഞു.